"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പദ്ധതി 2023-24 - റവന്യൂ വകുപ്പിന്റെ ആധുനികീകരണം എന്ന പദ്ധതിയിലുൾപ്പെടുത്തി റവന്യൂ ഓഫീസുകളിൽ സി.സി.ടി.വി, ബയോമെട്രിക് പഞ്ചിങ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിലേയ്ക്കായി ഓഫീസുകളെ തിരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1413/2024/RD തീയതി,തിരുവനന്തപുരം, 18-06-2024

---

പരാമർശം:-

1. 07.06.2023 തീയതിയിലെ സ.ഉ (സാധാ) നം.2163/2023/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 13.07.2023 തീയതിയിലെ സ.ഉ(സാധാ) നം. 2566/2023/റവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.01.2024 തീയതിയിലെ LR/7810/2023-IT CELL 9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2023-24 സാമ്പത്തിക വർഷം പരാമർശം 1 & 2-ലെ സർക്കാർ ഉത്തരവുകൾ പ്രകാരം റവന്യൂ വകുപ്പിന്റെ ആധുനികവൽകരണം എന്ന പദ്ധതിയിലുൾപ്പെടുത്തി റവന്യൂ ഓഫീസുകളിൽ ക്ലോസ്ഡ് സർക്യൂട്ട് ടിവി, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനായി 2029-00-001-97(03) എന്ന ശീർഷകത്തിൽ യഥാക്രമം 100 ലക്ഷം, 160 ലക്ഷം എന്നിങ്ങനെ ഭരണാനുമതി നൽകുകയുണ്ടായി. കൂടാതെ, പരാമർശം 1 ഉത്തരവിലെ ഖണ്ഡിക 6-ൽ പ്രസ്തുത ഭരണാനുമതിയനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതായ റവന്യൂ ഓഫീസുകൾ നിശ്ചയിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കേണ്ടതായും വ്യവസ്ഥ ചെയ്യുകയുണ്ടായി.

2] ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ റവന്യൂ ഓഫീസുകളിൽ ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ക്ലോസ്ഡ് സർക്യൂട്ട് ടിവി എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ റവന്യൂ ഓഫീസുകളെ തിരഞ്ഞെടുക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3-ലെ കത്ത് പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

- **<u>ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം</u>**

സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും സ്പാർക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളതും ലാൻഡ് റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഇപ്രകാരം പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് പരാമർശം 1-ലെ ഉത്തരവ് പ്രകാരം 160 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും എന്നാൽ ജില്ലകളിലെ വിവിധ റവന്യൂ ഓഫീസുകളിൽ സ്പാർക് ബന്ധിത

ബയോമെടിക് പഞ്ചിംഗ് ഏർപ്പെടുത്തിയ വകയിലും കൂടുതൽ ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം ആകെ 23,20,56,840/- രൂപ ആവശ്യപ്പെട്ടിട്ടുള്ളതും എല്ലാ ജില്ലകളിൽ നിന്നും ഭരണാനുമതി തുകയുടെ ഇരട്ടിയിലധികം തുക ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷം ലഭ്യമായ തുക വിനിയോഗിച്ച് ഇതിനോടകം ബയോമെടിക് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിച്ച വകയിലും ഇനിയും ആയവ സ്ഥാപിക്കാനുള്ള ഓഫീസുകളിൽ ജില്ലാ സിവിൽ സ്റ്റേഷൻ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, മിനി സിവിൽ സ്റ്റേഷനുകളിലെ റവന്യൂ ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്ന മുൻഗണനാക്രമത്തിൽ ടി സിസ്റ്റം സ്ഥാപിക്കുന്നതിനായി ഓഫീസുകളെ തിരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിയ്ക്കുയുണ്ടായി.

| **ക്രമ നം.** | **ജില്ല** | **നിശ്ചയിച്ചിരിക്കുന്ന ഓഫീസുകൾ** | **എസ്റ്റിമേറ്റ് തുക** |
|---|---|---|---|
| 1 | തിരുവനന്തപുരം | താലൂക്ക്/സ്പെഷ്യൽ ഓഫീസുകൾ | 7,70,276/- |
| 2 | കൊല്ലം | താലൂക്ക്/സ്പെഷ്യൽ ഓഫീസുകൾ | 26,12,426/- |
| 3 | പത്തനംതിട്ട | ജില്ലാ സിവിൽ സ്റ്റേഷൻ/മിനി സിവിൽ സ്റ്റേഷൻ/താലൂക്ക് റവന്യൂ ഓഫീസുകൾ | 10,84,361/- |
| 4 | ആലപ്പുഴ | റവന്യൂ ഡിവിഷണൽ ഓഫീസ്/താലൂക്ക് ഓഫീസ് | 4,46,604/- |
| 5 | കോട്ടയം | മിനി സിവിൽ സ്റ്റേഷനുകളിലെ റവന്യൂ ഓഫീസുകൾ | 8,98,431/- |
| 6 | എറണാകുളം | ജില്ലാ സിവിൽ സ്റ്റേഷൻ/റവന്യൂ ഡിവിഷൻ/താലൂക്ക്/സ്പെഷ്യൽ/വില്ലേജ് ഓഫീസുകൾ | 98,49,643/- |
| 7 | തൃശ്ശൂർ | ജില്ലാ/മിനി സിവിൽ സ്റ്റേഷനുകളിലെ റവന്യൂ ഓഫീസുകൾ | 77,14,357/- |
| 8 | പാലക്കാട് | ജില്ലാ സിവിൽ സ്റ്റേഷൻ/റവന്യൂ ഡിവിഷൻ/താലൂക്ക് ഓഫീസുകൾ/മിനി സിവിൽ സ്റ്റേഷനുകളിലെ റവന്യൂ ഓഫീസുകൾ | 28,34,115/- |
| 9 | കോഴിക്കോട് | ജില്ലാ സിവിൽ സ്റ്റേഷൻ | 15,01,852/- |
| 10 | വയനാട് | റവന്യൂ ഡിവിഷൻ/താലൂക്ക്/സ്പെഷ്യൽ/മിനി സിവിൽ സ്റ്റേഷനുകളിലെ റവന്യൂ ഓഫീസുകൾ | 8,32,145/- |
| 11 | കണ്ണൂർ | റവന്യൂ സബ് ഓഫീസുകൾ | 19,23,105/- |
| 12 | കാസറഗോഡ് | റവന്യൂ ഡിവിഷൻ/താലൂക്ക്/സ്പെഷ്യൽ/വില്ലേജ് ഓഫീസുകൾ | 15,89,525/- |
| | ആകെ | | 3,20,56,840/- |

- **<u>ക്ലോസ്ഡ് സർക്യൂട്ട് ടിവി സിസ്റ്റം</u>**

കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിയ്ക്കായി അനുവദിച്ച തുക വിനിയോഗിച്ച് വിവിധ ജില്ലകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള ഫണ്ടിന്റെ കണക്ക് സഹിതം ചുവടെ ചേർത്തിട്ടുള്ള ജില്ലാ കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവയെ സി സി ടി വി സ്ഥാപിക്കുന്നതിലേക്കായി തിരഞ്ഞെടുക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിക്കുകയുണ്ടായി.

| <u>ക്രമ നം.</u> | <u>ജില്ല</u> | <u>ഓഫീസിന്റെ പേര്</u> | <u>എസ്റ്റിമേറ്റ് തുക</u> |
|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം സബ് കളക്ടറുടെ കാര്യാലയം | 80,000/- |
| 2 | പത്തനംതിട്ട | തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസ്, ആർ.ഡി.ഒ ക്യാമ്പ് ഓഫീസ് | 3,50,000/- |
| 3 | ഇടുക്കി | ഇടുക്കി സബ് കളക്ടറുടെ കാര്യാലയം | 2,95,000/- |
| 4 | മലപ്പുറം | ആർ.ഡി.ഒ തിരൂർ | 4,02,370/- |
| 5 | | പെരിന്തൽമണ്ണ ആർ.ഡി.ഒ ഓഫീസ്, ആർ.ഡി.ഒ ക്വാർട്ടേഴ്സ് | 4,56,160/- |
| 6 | | ഏറനാട് താലൂക്ക് ഓഫീസ് | 5,63,330/- |
| 7 | | നിലമ്പൂർ താലൂക്ക് ഓഫീസ് | 4,85,750/- |
| 8 | | പെരിന്തൽമണ്ണ താലൂക്ക് ഓഫീസ് | 4,88,940/- |
| 9 | | കൊണ്ടോട്ടി താലൂക്ക് ഓഫീസ് | 4,07,510/- |
| 10 | | തിരൂർ താലൂക്ക് ഓഫീസ് | 5,05,270/- |
| 11 | | പൊന്നാനി താലൂക്ക് ഓഫീസ് | 6,04,480/- |
| 12 | | | 4,47,[illegible]/- |

| | | | |
|---|---|---|---|
| 12 | | തിരൂരങ്ങാടി താലൂക്ക് ഓഫീസ് | 4,47,690/- |
| | | ആകെ | 50,86,500/- |

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലകളിലെ വിവിധ റവന്യൂ ഓഫീസുകളിൽ സ്പാർക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തുന്ന വകയിൽ ഇതിനോടകം ബയോമെട്രിക് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിച്ചവയും ഇനിയും ആയവ സ്ഥാപിക്കാനുള്ള ഓഫീസുകളിൽ ജില്ലാ സിവിൽ സ്റ്റേഷൻ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, മിനി സിവിൽ സ്റ്റേഷനുകളിലെ റവന്യൂ ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്ന മുൻഗണനാക്രമത്തിൽ ടി സംവിധാനം സ്ഥാപിക്കുന്നതിനായി ഓഫീസുകളെ തെരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകിയും കൂടാതെ ക്ലോസ്ഡ് സർക്യൂട്ട് ടി.വി സിസ്റ്റം സ്ഥാപിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്തിട്ടുള്ള റവന്യൂ ഓഫീസുകളെ തെരഞ്ഞെടുത്തും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Pushpavally B
Date: 19-06-2024 10:26:15